4545092/2020/H EDN

# കേരള സർക്കാർ

സംഗ്രഹം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ക്യൂ ഐ പി ഡെപ്യൂട്ടേഷൻ പൂർത്തികരിക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവികൾക്ക് പുനർനിയമനം നൽകിയും നിലവിൽ വകുപ്പ് മേധാവി , അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്ഥലമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

## ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.1053/2020/ഉ.വി.വ. തിരുവനന്തപുരം തീയതി,19.08.2020

=====================================================================

പരാമർശം- 1. 11.06.2018 ലെ സ.ഉ (കൈ) 183/2018/ ഉവിവ നം സർക്കാർ ഉത്തരവ്

2. 01.04.2018, 04.08.2018,09.08.2018 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ എൽ2/22792/17/ഡിടിഇ നം നടപടിക്രമം
3. 06.06.2020 ൽ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവി ശ്രീമതി . ദീപ കെ ആർ സമർപ്പിച്ച അപേക്ഷ
4. 21.07.2020 ൽ കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവി ശ്രീ . ഹാഷിം പി എം സമർപ്പിച്ച അപേക്ഷ
5. 24.07.2020 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഇസി3/475/2019/ഡിടിഇ നം കത്ത്

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവിന്റെയും പരാമർശം (2) നടപടിക്രമത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ സർക്കാർ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവികളായ ശ്രീ ഹാഷിം പി എം , ശ്രീമതി . ദീപ കെ ആർ എന്നിവർക്ക് ക്യൂ . ഐ . പി സ്കീമിൽ, യഥാക്രമം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് , തൃശ്ശൂർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി , കോട്ടയം എന്നി സ്ഥാപനങ്ങളിൽ എം . ടെക് (2018-19 അഡ്മിഷൻ ) ഉപരിപഠനത്തിന് ഡെപ്യൂട്ടേഷനിൽ പ്രവേശനം നൽകുകയുണ്ടായി.

2) കമ്പ്യൂട്ടർ/കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവികളായ ശ്രീമതി . ദീപ കെ ആർ , ശ്രീ . ഹാഷിം പി എം , എന്നിവർ അവരുടെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ ജോലിയിൽ പ്രവേശിക്കാനായി പരാമർശം (3,) (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

3) ക്യൂ ഐ പി ഡെപ്യൂട്ടേഷൻ പൂർത്തികരിക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവികൾക്ക് പുനർനിയമനം നൽകിയും നിലവിൽ വകുപ്പ് മേധാവി , അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്ഥലമാറ്റം നൽകുന്നതിനും പരാമർശം (4) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത് പ്രോപ്പോസൽ സമർപ്പിച്ചിരുന്നു

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവികൾക്ക് ക്യൂ ഐ പി ഡെപ്യൂട്ടേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പുനർനിയമനം നൽകിയും അതിനെ തുടർന്ന് വകുപ്പ് മേധാവികൾക്ക് താഴെ പറയും പ്രകാരം സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

1. ക്യൂ . ഐ . പി ഡെപ്യൂട്ടേഷൻ പൂർത്തീകരിച്ച ഉദ്യോഗസ്ഥർക്ക് പുനർ നിയമനം നൽകുന്ന സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾ ഇവരുടെ കോഴ്സ്. പൂർത്തീകരിച്ചതായുള്ള സാക്ഷ്യം പത്രം പരിശോധിച്ച് , പുന : പ്രവേശനം അനുവദിക്കേണ്ടതാണ്.

2. ക്യൂ . ഐ . പി ഡെപ്യൂട്ടേഷനായി മാതൃസ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത രണ്ട് വർഷ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻ പ്രകാരമാണ് ജീവനക്കാർ ജോലിയിൽ പ്രവേശിച്ചുവെന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

3. രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നല്കപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ സ്ഥാപനമേധാവി മുഖേന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അയച്ച കൊടുക്കേണ്ടതുമാണ്.

4. അവരുടെ ചേരും കാലം യഥാ സമയം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | പുനർനിയമനം/സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം. |
|---|---|---|
| 1 | **ശ്രീമതി . ശ്രീകല കെ കെ**<br>**PEN No.589161**<br>അസിസ്റ്റൻറ് ഡയറക്ടർ<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖല കാര്യാലയം , കോതമംഗലം | **സർക്കാർ വനിത പോളിടെക്നിക് കോളേജ് , കൈമനം**<br>(ശ്രീ.റോയ് തോമസ് അവധിയിൽ പോയതു മൂലമുണ്ടായ ഒഴിവിൽ) |

4545092/2020/H EDN

| | | |
|---|---|---|
| 2 | **ശ്രീ . ഹാഷിം പി എം**<br>PEN: 450705<br>കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് മേധാവി , സർക്കാർ പോളിടെക്നിക് കോളേജ് , ആറ്റിങ്ങൽ<br>(return from QIP deputation) | **അസിസ്റ്റൻറ് ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖല കാര്യാലയം , കോഴിക്കോട്**<br>( ഇറന്ന ഒഴിവിൽ, സ്റ്റേറ്റ് സ്റ്റേയിലിൽ ) |
| 3 | **ശ്രീമതി . ദീപ കെ ആർ**<br>PEN No.565602<br>കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവി<br>സർക്കാർ പോളിടെക്നിക് കോളേജ് ചേർത്തല<br>(return from QIP deputation 2018-19 M.Tech) | അസിസ്റ്റന്റ് ഡയറക്ടർ മേഖലാ കാര്യാലയം, കോതമംഗലം<br>(ശ്രീമതി. ശ്രീകല .കെ.കെ സ്ഥലംമാറുന്ന ഒഴിവിൽ)<br>(സ്റ്റേറ്റ് സ്റ്റേയിലിൽ ) |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**തരുൺലാൽ.എസ്.**

ജോയിന്റ് സെക്രട്ടറി

1. സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ശ്രീമതി. . ശ്രീകല കെ കെ, അസിസ്റ്റൻറ് ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖല കാര്യാലയം , കോതമംഗലം
3. ശ്രീ . ഹാഷിം പി എം , കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് മേധാവി , സർക്കാർ പോളിടെക്നിക് കോളേജ് , ആറ്റിങ്ങൽ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. ശ്രീമതി . ദീപ കെ ആർ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം വകുപ്പ് മേധാവി സർക്കാർ പോളിടെക്നിക് കോളേജ് ചേർത്തല (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
5. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
9. www.highereducation.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ